## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1993** **11.03.2020-ലെ മറുപടിക്ക്**

## സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ. കെ. രാജൻ**

**ശ്രീ. ആർ. രാമചന്ദ്രൻ**

**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**

**ശ്രീ. മുഹമ്മദ് മുഹസിൻ പി.**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | രാജ്യത്ത് നിലനിൽക്കുന്ന പൊതുവായ സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ്ഘടനയെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും വേണ്ടത്ര അവധാനതയില്ലാതെ തുടങ്ങിയ ചരക്ക് സേവന നികുതിയും രാജ്യത്ത് നിലവിൽ പ്രകടമായിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ മൂലകാരണങ്ങളാണ്. മേൽ പരിഷ്കാരങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലെ പരമ്പരാഗത, ചെറുകിട, കൃഷി, വ്യവസായ, വിനോദസഞ്ചാര, അസംഘടിത മേഖലകളിലടക്കം എല്ലാ മേഖലകളിലും അപരിഹാര്യമായ ആഘാതങ്ങൾക്ക് ഹേതുവായിട്ടുണ്ട്. സാമ്പത്തിക വളർച്ച, തൊഴിൽ നിരക്ക്, നിക്ഷേപം അടക്കമുള്ള സാമ്പത്തിക സൂചകങ്ങളിൽ നിലവിലെ പ്രതിസന്ധി ദൃശ്യമാണ്. കേന്ദ്ര സർക്കാർ നയങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയത് സർക്കാർ ചെലവുകൾ വർദ്ധിപ്പിച്ച് ഉപഭോഗം ഉത്തേജിപ്പിക്കുകയെന്ന ക്രിയാത്മക പോംവഴിക്ക് തടസ്സമായി തീർന്നിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടായതിന്റെ കാരണങ്ങൾ ചൂണ്ടിക്കാണിക്കുമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളുടെ സൃഷ്ടിയായ സാമ്പത്തിക മാന്ദ്യവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ നികുതി ഭരണത്തിൽ കേന്ദ്ര സർക്കാരിന് സംഭവിച്ച പാളിച്ചകളുമാണ് സംസ്ഥാനത്തിന്റെ നികുതി |

| | | |
|---|---|---|
| | | വരുമാനത്തിൽ പ്രതിക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിക്കാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ. |
| (സി) | സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയും വകുപ്പുകളുടെ കമ്പ്യൂട്ടർവത്കരണത്തിലൂടെ കാര്യക്ഷമത ഉയർത്തുന്നത് ഉൾപ്പെടെയുള്ള ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികളാണ് നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്നത്. |
| (ഡി) | പദ്ധതി ആവശ്യങ്ങൾക്കും പദ്ധതിയേതര ആവശ്യങ്ങൾക്കും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന നികുതി വരുമാനവും ധനസഹായവും കുറഞ്ഞുവരുന്ന പ്രവണതയുണ്ടോ; വിശദമാക്കുമോ; | കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിലും ഗ്രാന്റിലും കഴിഞ്ഞ കുറച്ചു കാലങ്ങളായി പ്രതീക്ഷിക്കുന്ന വളർച്ച ഉണ്ടാകുന്നില്ലായെന്നത് വസ്തുതയാണ്. നിലവിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഇടിവ് ഉണ്ടാകുമെന്ന് ഉറപ്പായിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം കൂട്ടുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന നടപടികൾ ഇവയാണ് :<br><br>1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. |

| | | |
|---|---|---|
| | | 5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. |

**സെക്ഷൻ ഓഫീസർ**